**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1614** **03.05.2017-ൽ മറുപടിയ്ക്ക്**

## വയനാട് മെഡിക്കൽ കോളേജ്

| ചോദ്യം.<br>ശ്രീ.റോഷി അഗസ്റ്റിൻ : | ഉത്തരം<br>കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) വയനാട് മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഭരണാനുമതി നൽകിയതിനുശേഷം നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) വയനാട്ടിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായുള്ള ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി നൽകിയിട്ടുള്ള 50 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതു മരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ലഭിച്ച സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിയും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. റോഡിന്റെ പണികൾ നടന്നു വരുന്നു. |
| (സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ക്യാമ്പസിലേയ്ക്കുള്ള റോഡും പാലവും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ നിലവിൽ ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) നടപ്പുസാമ്പത്തിക വർഷം ഈയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) നടപ്പ് സാമ്പത്തികവർഷം വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 499.97 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**